വിളപ്പിൽശാല ജൈവവള ഫാക്ടറിമൂലമുള്ള മലിനീകരണം

2 (*299) ശ്രീ. വി. ബാലറാം :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഡി. സുഗതൻ :
പ്രൊഫ. എ.ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിളപ്പിൽശാലയിലുള്ള ജൈവവള ഫാക്ടറി എന്തെല്ലാം തരത്തിലുള്ള മലിനീകരണമുണ്ടാക്കുന്നു ;

(ബി) ഇതുമൂലമുണ്ടാകുന്ന ജലമലിനീകരണം തടയുവാൻ എന്തെല്ലാം ഏർപ്പാടുകൾ നിലവിലുണ്ട് ;

(സി) ജലമലിനീകരണം പൂർണ്ണമായും തടയുവാൻ ഇത് പര്യാപ്തമാണോ ;

(ഡി) അല്ലെങ്കിൽ മറ്റെന്ത് നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) : സർ,

(എ) ചപ്പുചവറുകൾ ദിവസങ്ങളോളം കെട്ടിക്കിടന്ന് ചീഞ്ഞുനാറിയ ശേഷം ശേഖരിച്ച് ജൈവവള ഫാക്ടറിയിലെത്തിക്കുമ്പോൾ ദുർഗന്ധമുണ്ടാകാൻ സാദ്ധ്യതയുണ്ട്. മഴക്കാലത്ത് ചപ്പുചവറുകളിലെ ജലാംശം കൂടുതലായതിനാൽ അതിൽനിന്നും ഒലിച്ചുവരുന്ന ജലം ശേഖരണ ടാങ്ക് കവിഞ്ഞൊഴുകി ജലമലിനീകരണമുണ്ടാകാൻ സാദ്ധ്യതയുണ്ട്. കൂടാതെ പ്ലാന്റിൽ എത്തിക്കുന്ന ചപ്പുചവറുകളിലുള്ള ജൈവവസ്തുക്കളുടെ 70 ശതമാനത്തോളം ജൈവവളം ആക്കിയശേഷം അവശേഷിച്ച വസ്തുക്കൾ, വളമാക്കാൻ പറ്റാത്ത വസ്തുക്കളോടൊപ്പം തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്നതിനാൽ അവയിൽനിന്നും ഒലിച്ചുവരുന്ന ജലത്തിലും ജലമലിനീകരണമുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇത്തരം മലിനീകരണ സാദ്ധ്യതകൾ കഴിയുന്നത്ര ഒഴിവാക്കിയിട്ടുണ്ട്.

(ബി) ചവറുകളിലൂടെ അരിച്ചിറങ്ങുന്ന ജലം ഭൂമലിനീകരണത്തിനും ഭൂജലമലിനീകരണത്തിനും ഇടയാകാതിരിക്കാൻ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്ക്കർഷിച്ചതിൻപ്രകാരം അവിടെ ചപ്പുചവറുകൾ സംഭരിക്കുന്നതിനും പ്രോസ്സസിംഗ് നടത്തുന്നതിനും കോൺക്രീറ്റ് തറയും മേൽക്കൂരയുമുള്ള കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്. ചപ്പുചവറുകൾ ശേഖരിക്കുന്ന യാർഡിൽനിന്നും ഒലിച്ചുവരുന്ന വെള്ളം ശേഖരിക്കുന്നതിന് ടാങ്കുകളും ആ വെള്ളം തിരിച്ച് പ്രോസസിംഗിന് ഉപയോഗിക്കുന്നതിനായി പമ്പിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പര്യാപ്തമാണ്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ബാലറാം : സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും രൂക്ഷമായ പ്രശ്നമാണ് മാലിന്യ നിക്ഷേപം. നമ്മുടെ ആശുപത്രികൾ, വീടുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽനിന്നും വരുന്ന ജൈവമാലിന്യങ്ങളും അതുപോലെതന്നെ ബോഡി പാർട്സുമൊക്കെ വളരെയധികം പരിസ്ഥിതി പ്രശ്നം ഉണ്ടാക്കുന്നുണ്ട് എന്നുമാത്രമല്ല,പല തരം രോഗങ്ങൾക്കും കാരണമാകുന്നുമുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും ചേർന്ന് ശാസ്ത്രീയമായ ഒരു പഠനം നടത്തി, വിളപ്പിൽശാല വളനിർമ്മാണശാല പോലെയല്ല, കർണ്ണാടകയിലും ഗുജറാത്തിലുമുള്ളതുപോലെയുള്ള ആധുനികമായ വളനിർമ്മാണശാലകൾ നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗരങ്ങളിലെങ്കിലുമാരംഭിക്കാൻ എന്തെങ്കിലും പരിപാടി ആലോചിക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഇതുസംബന്ധിച്ച നടപടികൾ എടുത്തുവരികയാണ്.

ശ്രീ. വി. ബാലറാം : സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം നഗരത്തിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വേണ്ടി വളരെയധികം വാഹനങ്ങൾ വാങ്ങിക്കൂട്ടുകയും ആ വാഹനങ്ങൾ പലതും കേട് വന്ന് കിടക്കുകയും ചെയ്യുന്നുണ്ട്. ഒരു നേരം മാത്രമാണ് ഇപ്പോൾ നഗരത്തിലെ മാലിന്യങ്ങൽ നീക്കം ചെയ്യുന്നത്. ഒന്നിൽ കൂടുതൽ തവണ മാലിന്യങ്ങൾ നീക്കം ചെയ്ത് വളമാക്കുന്ന ഈ പരിപാടി ഊർജ്ജിതമാക്കാൻ ശ്രമിക്കുമോ ; അതോടൊപ്പംതന്നെ വിളപ്പിൽശാലയിൽ ഉണ്ടാക്കുന്ന വളം ആരാണ് വാങ്ങിക്കുന്നത് ; അത് ഗുണനിലവാരമില്ലാത്ത വളമാണെന്ന് പൊതുവെ പരാതിയുണ്ട്. അത് സർക്കാരാണോ വാങ്ങുന്നത് ; എന്ത് വിലയ്ക്കാണ് അത് വിൽക്കുന്നത് ; അങ്ങനെ എത്ര കോടി രൂപ സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ട് ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, അവിടെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കോർപ്പറേഷൻ വാങ്ങിയിട്ടുള്ള വാഹനങ്ങൾ കേട് വന്നതായി പ്രത്യേകമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേട് വരുന്ന വാഹനങ്ങൾ അതാത് സമയത്ത് റിപ്പെയർ ചെയ്തുകൊണ്ടിരിക്കുകയാണ്. വിളപ്പിൽശാലയിൽ ഉൽപ്പാദിപ്പിക്കുന്ന വളത്തിന്റെ വില 4.50 രൂപയാണ് അത് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റാണ് നിശ്ചയിച്ചിട്ടുള്ളത്. വളം കൃത്യമായിട്ട് ആർ ഉപയോഗിക്കുന്നുവെന്ന് പറയാൻ പറ്റില്ല. ആവശ്യക്കാർ വാങ്ങി ഉപയോഗിക്കുകയാണ്. വളം ആര് ഉപയോഗിക്കുന്നുവെന്ന് പറഞ്ഞിട്ടില്ല. ഓരോരുത്തർ വളം ഉപയോഗിക്കുന്നത് കൃഷി ആവശ്യത്തിന് വേണ്ടിയാണ്. കൃഷി ആവശ്യത്തിന് വേണ്ടി കൃഷിക്കാരൻ വാങ്ങി ഉപയോഗിക്കുകയാണ് ഈ വളം വേണ്ടത്ര പ്രായോഗികമായി പരിശോധിച്ചതിന് ശേഷം, അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെയും മറ്റ് വിദഗ്ദ്ധരുടെയും പരിശോധനയ്ക്ക് ശേഷമാണ് ഈ വളം കമ്പോളത്തിൽ വിൽക്കുന്നത്.

ശ്രീ. വി. ജെ. പൗലോസ് : സർ, ദിവസങ്ങളോളം ഈ ചപ്പുചവറുകൾ കിടന്ന് ചീഞ്ഞ് നാറിയതിന് ശേഷമാണ് നഗരത്തിൽ നിന്ന് മാലിന്യങ്ങൾ വിളപ്പിൽശാലയിലേയ്ക്ക് കൊണ്ടുപോകുന്നത്. അങ്ങനെ കൊണ്ടുപോകുന്ന മാലിന്യങ്ങൾ,ഒരു ലോഡ് പോകുമ്പോൾ അതിന്റെ പകുതിയോളം കടന്നുപോകുന്ന പ്രദേശങ്ങളിൽ വീഴുന്നു. ബാക്കിയാണ് ഈ സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly

എത്തിച്ചേരുന്നതെന്നും തൻമൂലം നഗരത്തിൽ നിന്ന് വിളപ്പിൽശാല വരെയുള്ള പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം വലിയ ഒരു സാമൂഹ്യ പ്രശ്നം ഇങ്ങനെ മാലിന്യങ്ങൾ വിതറിക്കൊണ്ട് പോകുന്നതുമൂലം ഉണ്ടായിട്ടുണ്ട് എന്നതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുസംബന്ധിച്ചും മറ്റ് പല കാര്യങ്ങളെ സംബന്ധിച്ചും ചർച്ച ചെയ്തുവരികയാണ്. മാലിന്യം നീക്കം ചെയ്യുമ്പോൾ മാലിന്യങ്ങൾ കവർ ചെയ്ത് മാത്രമേ കൊണ്ടുപോകാൻ പാടുള്ളൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഓരോ ദിവസവും നിരവധി തവണ രാത്രി കാലങ്ങളിൽ മുഴുവനും ചവർ നീക്കം ചെയ്യുന്ന പരിപാടിയാണ് ഇപ്പോൾ കോർപ്പറേഷൻ നടത്തിവരുന്നത്.

ശ്രീ. വി. ജെ. പൗലോസ് : സർ, അതുപോലെതന്നെ അവിടെ ഉൽപ്പാദിപ്പിക്കുന്ന വളം പോബ്സൺ കമ്പനിയുമായി തദ്ദേശസ്വയംഭരണ ഡിപ്പാർട്ട്മെന്റ് ഉണ്ടാക്കിയിട്ടുള്ള ധാരണയനുസരിച്ച്, കൃഷി ഡിപ്പാർട്ട്മെന്റ് ഏറ്റുവാങ്ങി കേരളത്തിലെ കൃഷി ഓഫീസുകൾ വഴി കർഷകർക്ക് വിതരണം ചെയ്യുന്ന ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും ആ കരാർ അനുസരിച്ച് കൃഷി ഡിപ്പാർട്ട്മെന്റ് വളം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് ഉൽപ്പാദിപ്പിക്കുന്ന വളം കെട്ടിക്കിടക്കുന്നതുമൂലം ആ പ്രദേശത്തുണ്ടാകുന്ന ജലമലിനീകരണവും വായുമലിനീകരണവുംമൂലം സാംക്രമിക രോഗങ്ങൾ പെരുകാനിടവരുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം, അവിടെയുണ്ടായിട്ടുള്ള പ്രക്ഷോഭങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത്തരം കാര്യങ്ങൾ അവസാനിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഗവൺമെന്റ് തലത്തിൽ വളം വാങ്ങിക്കൊള്ളാമെന്ന ധാരണ ഇതുവരെ ഗവൺമെന്റ് ഉണ്ടാക്കിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതുസംബന്ധിച്ച് ചർച്ച നടന്നിരുന്നു. അതുസംബന്ധിച്ച് ഒരു കരാർ ഉണ്ടാക്കിയിട്ടില്ല. ഈ വളം കൃഷിക്കാവശ്യമായ സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോയി ഉപയോഗിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് തന്നെ 1000 ടൺ വളം വാങ്ങിയിട്ടുണ്ട്. കൃഷി ചെയ്തുവരുന്ന മറ്റു പഞ്ചായത്തുകളോടും ഈ വളം വാങ്ങി ഉപയോഗിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ വാങ്ങി ഉപയോഗിക്കാൻ യാതൊരു വിധത്തിലുള്ള കരാറുമില്ല.

ശ്രീ. ഡി. സുഗതൻ : സർ, ഈ ഖരമാലിന്യങ്ങൾ സംസ്ക്കരിച്ചാണല്ലോ ഫാക്ടറിയിൽ ജൈവവളം ഉണ്ടാക്കുന്നത്. ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതിയുടെ എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ ; ഉണ്ടെങ്കിൽ അത് ഈ നഗരസഭകൾ പാലിച്ചിട്ടുണ്ടോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, അതാത് സമയത്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് നൽകുന്നുണ്ട്. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ പർട്ടിക്കുലറായി ഏതെങ്കിലും കോർപ്പറേഷനോ മുനിസിപ്പാലിറ്റിക്കോ വേണ്ടി ഉണ്ടായതല്ല. ഇൻഡ്യയിൽ മൊത്തത്തിൽ 2003 ഡിസംബർ 31 ആകുമ്പോഴേയ്ക്കും എല്ലാ സ്ഥലങ്ങളും മാലിന്യമുക്തമാക്കണമെന്നുള്ള നിർദ്ദേശമാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡി. സുഗതൻ.: സർ, ജൈവവള ഫാക്ടറി സ്ഥാപിക്കുന്നതിന് മുന്നോടിയായി പരിസ്ഥിതി സംബന്ധമായ എന്തെങ്കിലും പഠനം നടത്തിയിരുന്നോ ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് നടത്തിയത് ; അതിന്റെ ഫലമെന്തായിരുന്നുവെന്ന് പറയാമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. ഏത് ഏജൻസിയാണെന്നുള്ളത് പ്രത്യേകം ചോദ്യം ചോദിച്ചാൽ പറയാം. ഇതുസംബന്ധിച്ച കരാർ 22-12-1999-ലാണ് കോർപ്പറേഷൻ പോബ്സണുമായി ഒപ്പുവച്ചത്. ഇത് 24-07-2000-ൽ അന്നത്തെ മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തു.

ശ്രീ. എൻ. ശക്തൻ : സർ, ഇവിടെ നൽകിയ മറുപടിയിൽ അവിടത്തെ ജലമലിനീകരണം പൂർണ്ണമായും തടഞ്ഞിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. യഥാർത്ഥത്തിൽ അതല്ല സ്ഥിതി. ഇപ്പോൾ ഈ മഴക്കാലത്ത് തിരുവനന്തപുരം സിറ്റിയിൽ നിന്നും അവിടെ കൊണ്ടുവന്നിട്ടുള്ള ചീഞ്ഞളിഞ്ഞ ചവറുകൾ ദിവസങ്ങളോളം കീടനാശിനിയും ബാക്ടീരിയയും തളിച്ച് ഇട്ടിരുന്നതിനാൽ ഇതിൽ നിന്നും ഒഴുകിയെത്തിയ ജലം തോട്ടിലൂടെ ആറിലെത്തുകയാണ്. ആ ആറിൽ നിന്ന് നാല് ശുദ്ധജലവിതരണ പദ്ധതികൾക്ക് വെള്ളം എടുക്കുകയാണ്. ഇത് വളരെ മാരകമാണ്. ആളുകൾക്ക് മാരകമായ അസുഖം വരുമെന്ന് വിദഗ്ദ്ധർ തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവിടത്തെ എം.എൽ.എ എന്ന നിലയിൽ ഈ വിവരം കാണിച്ച് ഞാൻ ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ട്. ഇത് തടയുന്നതിനുള്ള നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല. അടിയന്തിരമായും അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, മലിനീകരണ സാദ്ധ്യതകൾ കഴിയാവുന്നത്ര ഒഴിവാക്കിയിട്ടുണ്ടെന്നാണ് ഞാൻ ഉത്തരത്തിൽ പറഞ്ഞത്. ആ പ്രദേശത്തെ എം.എൽ.എ.യും മറ്റുള്ളവരും പരാതി നൽകിയിട്ടുണ്ട്. പരാതി സംബന്ധിച്ച് പരിശോധിച്ച് അതാത് സമയത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ബി. വിജയകുമാർ : സർ, ഇവിടെ കഴിഞ്ഞ ചോദ്യത്തിന് ഗവൺമെന്റ് ആശുപത്രികൾ, മെഡിക്കൽ കോളേജിലെ വാർഡുകൾ എന്നിവ സ്വകാര്യവൽക്കരിക്കുന്നതിന് എതിരായി പ്രതിപക്ഷത്ത് നിന്ന് വളരെ ശക്തമായി ശബ്ദം ഉയർത്തുകയുണ്ടായി. വിളപ്പിൽശാല ജൈവവള ഫാക്ടറി പോബ്സൺ ഗ്രൂപ്പിന് വിട്ടുകൊടുക്കുമ്പോൾ ആ സ്ഥലം മുഴുവൻ പോബ്സൺ ഗ്രൂപ്പിന് തീറെഴുതി കൊടുക്കുകയും അവർ അത് 9 കോടി രൂപയ്ക്ക് പ്ലെഡ്ജ് ചെയ്ത് ബാങ്കിൽ നിന്നും ലോൺ എടുത്തിട്ടുള്ളതും ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അങ്ങനെയുണ്ടെങ്കിൽ അത് നിയമാനുസൃതമാണോ ; ഗവൺമെന്റിന്റെയോ കോർപ്പറേഷന്റെയോ വക ഭൂമി സ്വകാര്യ കമ്പനിക്ക് പ്ലെഡ്ജ് ചെയ്യാൻ കൊടുക്കുകയും അതവർക്ക് തീറെഴുതി കൊടുക്കുകയും അവരത് ബാങ്കിൽ പ്ലെഡ്ജ് ചെയ്ത് ലോണെടുക്കുകയും ചെയ്തത് നിയമാനുസൃതമാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള കരാർ തികച്ചും കോർപ്പറേഷനും പോബ്സൺ കമ്പനിയുമായിട്ടുള്ളതാണ്, ഗവൺമെന്റുമായിട്ടല്ല.

ശ്രീ. കെ.കെ. ഷാജു : സർ, എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ ആശങ്കയിലാണ്. വിളപ്പിൽശാലയിലെ ഖരമാലിന്യ നിർമ്മാർജ്ജനശാല ഇപ്പോൾ തന്നെ ഭീഷണി ഉയർത്തുന്നുവെന്നുള്ള ആശങ്ക നിലനിൽക്കുമ്പോൾ ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ മാലിന്യങ്ങൾ സംസ്ക്കരിക്കാൻ പന്തളം നിയോജകമണ്ഡലത്തിലെ ലെപ്രസി സാനിട്ടോറിയത്തിന്റെ 140 ഏക്കറോളം വരുന്ന സ്ഥലം ഉപയോഗപ്പെടുത്തുവാനുള്ള നീക്കമുണ്ടെന്നുള്ള നിലയിൽ വ്യാപകമായ പ്രചരണം നടക്കുന്നുണ്ട്. ഇതുസംബന്ധിച്ച് മന്ത്രിക്ക് എന്തെങ്കിലും പറയാൻ കഴിയുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള :. സർ, ഇതുസംബന്ധിച്ച് പ്രത്യേക ചോദ്യം ഉണ്ടെങ്കിൽ മാത്രമേ പറയാൻ കഴിയൂ. നഗരസഭകളിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാവശ്യമായ പ്രോജക്ടുകൾ ഉണ്ടാക്കാനും ഫാക്ടറി സ്ഥാപിക്കാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ ഈ വർഷവും അടുത്ത വർഷവും അതിനാവശ്യമായ പണം വയ്ക്കാൻ പ്രത്യേക അനുമതിയും നൽകിയിട്ടുണ്ട്.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, കേരളത്തിലെ പട്ടണ പ്രദേശങ്ങളിലും ചെറുപട്ടണ പ്രദേശങ്ങളിലും ഖരമാലിന്യങ്ങൾ കുന്നുകൂടുകയാണ്. അതിന്റെ ഭാഗമായി കേരളത്തിൽ ഡെങ്കിപ്പനി, ജപ്പാൻ ജ്വരം തുടങ്ങിയ മാരക രോഗങ്ങൾ പിടിപെട്ട് നിരവധി ആളുകൾ മരിച്ചുവീഴുകയാണ്. ഈ സാഹചര്യത്തിൽ ഈ മാലിന്യ നിർമ്മാർജ്ജനത്തിന് ജനപ്രതിനിധികളേയും സാമൂഹ്യ-സാംസ്ക്കാരിക സംഘടനകളേയും അതുപോലെതന്നെ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെയും വിളിച്ചുകൂട്ടി സമഗ്രമായ ഒരു പദ്ധതി രൂപീകരിച്ച് ഈ മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, തിരുവനന്തപുരത്ത് ഇത്തരത്തിലുള്ള യോഗം പലപ്പോഴായി വിളിച്ചുചേർത്തിട്ടുണ്ട്. റസിഡന്റ്സ് അസോസിയേഷനുകളേയും എൻ.ജി.ഒ. തുടങ്ങിയ സംഘടനകളെയും അതുപോലെതന്നെ ജനപ്രതിനിധികളെയും വിളിച്ചുചേർത്തിട്ടുണ്ട്. വിളിച്ചുചേർത്തതിന്റെ ഫലമായി, തുടങ്ങിയിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. മാലിന്യം ഉൽപ്പാദിപ്പിക്കുന്നത് നമ്മളാണ്. ആ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് നമ്മുടെ എല്ലാവരുടെയും പങ്കാളിത്തം ഉണ്ടെങ്കിൽ മാത്രമേ കഴിയൂ. ഗവൺമെന്റോ കോർപ്പറേഷനോ മാത്രം വിചാരിച്ചാൽ കഴിയില്ല.